"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി (WTO സെൽ) വകുപ്പ്-വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ ഒഴിവുള്ള കടമുറികൾ ആദ്യത്തെ രണ്ട് വർഷത്തേയ്ക്ക് വാടക ഒഴിവാക്കിയും രണ്ട് വർഷത്തിനുശേഷം അടിസ്ഥാന വാടകയ്ക്കും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകുവാൻ അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.261/2023/AGRI തീയതി,തിരുവനന്തപുരം, 17-03-2023

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 02.02.2023 തീയതിയിലെ TM(1)137/2022-23 നമ്പർ കത്ത്

**ഉത്തരവ്**

വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ കർഷകർക്കും പൊതുജനങ്ങൾക്കും ഉപകാര പ്രദമായ രീതിയിൽ ഉത്പാദന ഉപാദികൾക്കും കാർഷിക യന്ത്രങ്ങൾക്കും പുറമേ കർഷകർ ഉത്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉത്പന്നങ്ങളും വിതരണം ചെയ്യുന്നതിനായുള്ള അഗ്രോ ബസാർ ആരംഭിക്കുന്നതിന് അഞ്ച് കടമുറികൾ ആദ്യത്തെ രണ്ട് വർഷത്തേയ്ക്ക് വാടക ഒഴിവാക്കി ലഭ്യമാക്കണമെന്നും രണ്ട് വർഷത്തിനുശേഷം അടിസ്ഥാന വാടകയ്ക്ക് നൽകണമെന്നും കൃഷി വകുപ്പിനു കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അഭ്യർത്ഥിച്ചിട്ടുള്ളതായും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ നിവേദനത്തിൽ ബഹു.കൃഷി വകുപ്പ് മന്ത്രി പ്രസ്തുത നിവേദനത്തിലെ വിഷയം പരിശോധിക്കുവാൻ നിർദേശിച്ചിരുന്നതായും ആയതിനാൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആവശ്യം പരിഗണിക്കണമെന്നും പരാമർശം 1 പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൃഷി വകുപ്പിനു കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും കർഷകർക്കും പൊതുജനങ്ങൾക്കും ഉപകാര പ്രദമായ രീതിയിൽ കാർഷിക യന്ത്രങ്ങൾക്ക് പുറമേ കർഷകർ ഉത്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉത്പന്നങ്ങളും വിതരണം ചെയ്യുന്നതിനായുള്ള അഗ്രോ ബസാർ ആരംഭിക്കുന്നതിനാണ് കടമുറികൾ ആവശ്യപ്പെട്ടിരിക്കുന്നത് എന്നതിനാലും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിൽ അഗ്രോ ബസാർ ആരംഭിക്കുന്നതിന് അഞ്ച് കടമുറികൾ ആദ്യത്തെ രണ്ട് വർഷത്തേയ്ക്ക് വാടക ഒഴിവാക്കിയും രണ്ട് വർഷത്തിനുശേഷം അടിസ്ഥാന വാടകയ്ക്കും നൽകുവാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആരതി എൽ ആർ ഐഎഎസ്
SPECIAL OFFICER

ഡയറക്ടർ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ(മാർക്കറ്റിംഗ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, വേങ്ങേരി മൊത്ത വ്യാപാര വിപണി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി-യുടെ പി.എ-യ്ക്ക്
കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ സി.എ-യ്ക്ക്